DESPATCHED
On...20/2/2020

31-1-20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.727(6)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.2925/SIC-Gen5/2017**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. എസ്. നാരായണപിള്ള,
പായിക്കാട്ടേത്ത് ലക്ഷ്മി ഭവനം,
മേനാമ്പള്ളി, പത്തിയൂർ പി.ഒ.,
ഭഗവതിപ്പടി, പിൻ – 690 508.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & മാനേജർ,
   നായർ സമാജം സ്കൂൾ,
   മാന്നാർ, ആലപ്പുഴ.
2. അപ്പീൽ അധികാരി &
   ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   മാവേലിക്കര.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17/10/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15/11/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07/12/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 28/12/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 25/02/2017 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 02/03/2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 24/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 31/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. നാരായണപിള്ള എസ്., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമത്തിലെ 8(1)(ജെ) വകുപ്പു പ്രകാരം നിരസിക്കുകയാണുണ്ടായതെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ മേൽപ്പടി വകുപ്പു പ്രകാരം ഒഴിവാക്കപ്പെടേണ്ടതല്ല എന്നും മറ്റുമാണ്.

2. എൻ.എസ്. സ്കൂൾ മാനേജർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, മേൽപ്പടി സ്കൂളിലെ പ്രിൻസിപ്പലും

അധ്യാപകരുമായ സ്മിത എസ്.പിള്ള, സിന്ധു എസ്., സുജിത്കുമാർ വി.എസ്. എന്നിവരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള യോഗ്യതാ പരീക്ഷകളുടെ സർട്ടിഫിക്കറ്റുകളുടെയും മാർക്കറ്റ് ലിസ്റ്റുകളുടെയും പേജുകളുടെ പകർപ്പുകൾ നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ മാനേജരുടെ കൈവശമില്ലെന്നും റ്റി.റ്റി.ഐ. പ്രിൻസിപ്പാൾ ശ്രീമതി സ്മിത എസ്.പിള്ളയുടെ സേവന പുസ്തകം മാവേലിക്കര ഡി.ഇ.ഒ. ഓഫീസിലും അധ്യാപകരായ എസ്.സിന്ധുവിന്റെയും വി.എസ്. സുജിത്കുമാറിന്റെയും സേവന പുസ്തകങ്ങൾ റ്റി.റ്റി.ഐ. പ്രിൻസിപ്പളിന്റെ പക്കലുമാണെന്നും വിവരാവകാശ നിയമത്തിലെ 8(1)(ജെ) വകുപ്പു പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളുടെ വെളിപ്പെടുത്തൽ പൊതുതാത്പര്യ പ്രകാരം ന്യായീകരിക്കുന്നതാണെന്ന് ബോധ്യമല്ലാത്തതിനാൽ മേൽപ്പടി വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ല എന്നുമാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒരു വ്യക്തിയുടെ പേഴ്സണൽ വിവരങ്ങളായതിനാലും ആയതിൽ പൊതുതാത്പര്യമില്ലാത്തതിനാലും ആയത് വിവരാവകാശ നിയമത്തിലെ 8(1)(ജെ) വകുപ്പു പ്രകാരം നൽകാൻ നിർവ്വാഹമില്ല എന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ബന്ധപ്പെട്ട സ്കൂൾ മാനേജർ മുമ്പാകെയാണെന്ന് കാണുന്നു. മേൽപ്പടി സ്കൂൾ മാനേജർ വിവരാവകാശ നിയമപ്രകാരമുള്ള പൊതു അധികാരിയാണെന്ന് കമ്മീഷനു ബോധ്യമാകുന്നില്ല. മേൽപ്പടി സ്കൂൾ മാനേജർ പൊതു അധികാരിയാണെന്ന് സ്ഥാപിക്കുന്ന യാതൊന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുമില്ല. ബന്ധപ്പെട്ട സ്കൂളിൽ നിന്നും വിവരങ്ങൾ ലഭിക്കുന്നതിലേയ്ക്കായി ഹർജിക്കാരൻ അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത് മേൽപ്പടി സ്കൂൾ പ്രിൻസിപ്പാൾ മുമ്പാകെയായിരുന്നു. സ്കൂൾ പ്രിൻസിപ്പലിന്റെ സേവന പുസ്തകം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പക്കലാണ് ലഭ്യമാവുകയെങ്കിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടിരുന്നത്. മറ്റ് അധ്യാപകരുടെ സേവന പുസ്തകങ്ങൾ ബന്ധപ്പെട്ട സ്കൂളിൽ ലഭ്യമാകയാൽ സ്കൂൾ പ്രിൻസിപ്പാൾ മുമ്പാകെയാണ് ആയതിനുവേണ്ടി അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത്.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 31–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൺ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

RIGHT TO INFORMATION